പരിശീലകരുടെ പേരുകൾ ചുവടെ കൊടുക്കുന്നു.

അത്‌ലറ്റിക്സ് .. ശ്രീ. എ. ബോസ് ആന്റ് ശ്രീ. തങ്കച്ചൻ മാത്യു.

ടെബിൾ ടെന്നീസ് .. ശ്രീ. ഏലിയാസ് തോമസ്

ബാഡ്മിന്റൺ .. ശ്രീ. എം. എൽ. നരേന്ദ്രൻ

(സി) ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.†

(ഡി) ആദ്യമായിട്ടല്ല. 1994-ൽ ഗ്രൂപ്പ് 11 മത്സരങ്ങൾ കേരളത്തിൽ നടക്കുകയുണ്ടായി. ഹോക്കി, ബാസ്ക്കറ്റ് ബാൾ, ഖോ-ഖോ, നീന്തൽ, ജിംനാസ്റ്റിക്സ്. വിശദ വിവരം ശേഖരിച്ചു വരുന്നു.

(ഇ) ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(എഫ്) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്പോർട്സ് കാട്ടായിൽ വിവിധ കോഴ്സുകളിലേക്ക് (പ്രൊഫഷണൽ കോഴ്സുകൾ ഒഴികെ) പ്രവേശനത്തിനായി കുട്ടികളെ നിർദ്ദേശിക്കുന്ന മാനദണ്ഡത്തിൽ വനിതാ കായികമേള ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമവികസനത്തിനായി കേന്ദ്ര ഫണ്ട്

95 (2598) ശ്രീമതി മേഴ്സി രവി:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗ്രാമവികസനത്തിനുവേണ്ടി 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാർ എത്ര തുക സംസ്ഥാന സർക്കാരിന് അനുവദിച്ചു എന്ന് പറയാമോ;

(ബി) ഈ തുക മുഴുവൻ സംസ്ഥാന സർക്കാർ ചെലവഴിച്ചുവോ;

(സി) ഇല്ലെങ്കിൽ ചെലവഴിക്കാത്ത തുക എത്രയെന്ന് പറയാമോ; മുഴുവൻ തുകയും ചെലവഴിക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമ വികസനത്തിനു വേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു.

2001-2002	..	15,448.34	ലക്ഷം രൂപ
2002-2003	..	14,684.20	ലക്ഷം രൂപ
2003-2004	..	17,450.71	ലക്ഷം രൂപ

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly